

TUESDAY 22.08.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

# FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/08/2023.

1. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിൽ പുനലൂരിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഫുഡ്സ് പ്രോഡക്സിൽ മാംഗോ ജ്യൂസ്, പൈനാപ്പിൾ സിറപ്പ്, ജാം, അച്ചാറുകൾ, തേനിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്നു. "***ജ്യോതി***" എന്ന ബ്രാൻഡിൽ വിപണിയിൽ ഇറക്കുന്ന ഈ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കേരളത്തിലുടനീളം വിതരണക്കാരെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0471 2471343, 2471344, 2471345 എന്നീ ഫോൺനമ്പരുകളിലോ mdofficekaic@gmail.com എന്ന ഇ- മെയിലിലോ, www.keralaagro.com എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

2. നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി കവിത രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. "അനൂഠാ നാരിയൽ മഹിമ അപാർ" (അദ്വിതീയം നാളികേരം, മഹിമ അപാരം) എന്നതാണ് മത്സര വിഷയം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി-11 എന്ന വിലാസത്തിൽ **സെപ്തംബർ 11-ാം** തീയതി വൈകുന്നേരം 5.30 മണിക്കുള്ളിൽ ലഭിച്ചിരിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0484--2377266 Extn-145/121 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. ഈ വർഷത്തെ ഓണം വാരാഘോഷ ഘോഷയാത്രയിൽ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ സഞ്ചരിക്കുന്ന വെറ്ററിനറി യൂണിറ്റുകളുടെയും 1962 എന്ന നമ്പർ കോൾ സെന്ററിന്റെയും പ്രസക്തിയും നേട്ടങ്ങളും പ്രകടിപ്പിക്കുന്ന ഒരു ഫ്ളോട്ട് ആവശ്യമായ ലൈറ്റിംഗ് ശബ്ദ സംവിധാനങ്ങളോടെ ടൂറിസം വകുപ്പിന്റെ നിബന്ധനകൾക്കനുസരിച്ച് ഒരു മിനിലോറി/ലോറിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നതിന് പി ആർ ഡി യുടെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആർട്ടിസ്റ്റുകളിൽ നിന്നും അംഗീകൃത ഏജൻസികളിൽ നിന്നും സീൽ ചെയ്ത രണ്ട് കവർ ടെൻഡറുകൾ മത്സരാടിസ്ഥാനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ ഈ മാസം 22ന് വൈകുന്നേരം 3 മണിക്ക് മുൻപായി തിരുവനന്തപുരം കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന് പി. ഒ. തിരുവനന്തപുരം 695043 എന്ന വിലാസത്തിലോ 0471 2732918 എന്ന ഫോൺ നമ്പറിലോ ptotvm.ahd@keral.gov.in എന്ന ഇ-മെയിലിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഇന്നും നാളെയുമായി (22, 23 തീയതികളിലായി) കോഴിക്കോട് വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് **ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. പ്രവേശന ഫീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0495-2414579

5. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ അക്വാപോണിക്സ്, ബയോഫ്ലോക്ക് എന്നീ വിഷയങ്ങളിൽ ഇന്ന് (22.08.2023) പരിശീലനം സംഘടിപ്പിക്കും. പരിശീലന ഫീസ് 550/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0487 2370773.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **"ആടിനെ അറിഞ്ഞാൽ ആദായം ഉറപ്പ്"** എന്ന വിഷയത്തിൽ ഈ മാസം 24ന് (24/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454, 9188522713 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം ഇന്നും നാളെയുമായി 22,23 തീയതി കളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്ങ്രീതികൾ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

യന്ത്രവത്കൃത ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം, നിയന്ത്രിത കമിഴ്ത്തിവെട്ട് എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

8. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (22.08.2023) **അടുക്കളമുറ്റത്തെ കോഴി വളർത്തൽ** 24 ന് **ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ കർഷകർക്കായി പരിശീലന പരിപാടികൾ നടത്തപ്പെടുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ 5 മണി വരെ. മൃഗസംരക്ഷണ മേഖലയിലെ പുതു സംരംഭകർക്കും/ തുടക്കക്കാർക്കും, ചെറിയതോതിൽ മൃഗങ്ങൾ/ പക്ഷികൾ വളർത്തുന്നവർക്കുമായാണ് ഈ പരിശീലനം നടത്തപ്പെടുന്നത്. കൂടുതലായി മൃഗങ്ങൾ പക്ഷികൾ വളർത്തുന്നവർക്കായി വരും ദിവസങ്ങളിൽ പരിശീലനങ്ങൾ നടത്തുന്നതായിരിക്കും. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ 10.15 മണി മുതൽ 05.15 വരെയുള്ള സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (22, 23 തീയതികളിൽ) ക്ഷീര കർഷകർക്കായി **'ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള ക്ഷീര കർഷകർക്ക് ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ,കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. താത്പര്യമുള്ള ക്ഷീര കർഷകർ ആഗസ്റ്റ് 21ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

**10. മൃഗസംരക്ഷണ നിർദ്ദേശം – പശുക്കളിൽ പാദ, വായ രോഗം**

അഫ്തോവൈറസ് അണുബാധ മൂലം കന്നുകാലികളിലുണ്ടാകുന്ന പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും കാലിനു ചുറ്റും വ്രണങ്ങൾ ഉണ്ടാകുന്നു അതിന്റെ ഫലമായി മൃഗങ്ങൾ കഴിക്കാനോ നടന്നു നീങ്ങാനോ വിമുഖത കാണിക്കുന്നു.

**പ്രതിരോധം:** മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനു ചുറ്റും ശുചിത്വം പാലിക്കുക ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം